# JANARDHANAPURAM

## HIGHER SECONDARY SCHOOL

### OTTASEKHARAMANGALAM

# ACADEMIC MASTER PLAN

# 2025-2026

# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം -കാഴ്ചപ്പാട്
5. അക്കാഡമിക് കലണ്ടർ

# ആമുഖം

## നമ്മുടെ സ്കൂൾ

കേരളത്തിന്റെ തെക്കേ അറ്റത്ത് നെയ്യാറിനും സഹ്യാദ്രിയ്ക്കും ഇടയിലായി പ്രകൃതിരമണീയമായ മലയോര ഗ്രാമമാണ് ഒറ്റശേഖരമംഗലം. തികച്ചും കർഷകർ കൂടുതലായുള്ള ഒരു ഗ്രാമമായ ഒറ്റശേഖരമംഗലത്തിന്റെ സാംസ്കാരികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ ഉയർച്ചയ്ക്ക് കാരണഭൂതനായ ഒരു പാഠശാലയാണ് ഒറ്റശേകരമംഗലം ജനാർദ്ദനപുരം ഹയർസെക്കന്ററി സ്കൂൾ.

1957 ജൂൺ 10-ാം തീയതി ഈ സ്കൂൾ സ്ഥാപിതമായി. അന്ന് നെയ്യാറ്റിൻകര താലൂക്കിലെ ഏറ്റവും അവികസിത മലയോര പ്രദേശമായിരുന്നു ഒറ്റശേഖരമംഗലം. കള്ളിക്കാട്, അമ്പൂരി പഞ്ചായത്തുകൾ ചേർന്ന ഒറ്റശേഖരമംഗലം പഞ്ചായത്തിലും ആര്യകോട്, പെരുങ്കടവിള പഞ്ചായത്തുകൾ ചേർന്ന പെരുങ്കടവിള പഞ്ചായത്തിലും മിഡിൽസ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞാൽ ഹൈസ്കൂൾ പഠനത്തിന് സാകൂളുകൾ ഉണ്ടായിരുന്നില്ല. ബസ് സർവ്വീസോ നദികളിൽ പാലങ്ങളോ ഉണ്ടായിരുന്നില്ല. പെൺകുട്ടികൾ പഠനം നിർത്തി വീട്ടമ്മമാരാവുകയും ആൺകുട്ടികൾ കൃഷിപ്പണികളിൽ ഏർപ്പെടുകയും മാത്രമായിരുന്നു പോംവഴി. ഈ ദു:സ്ഥിതിയ്ക്ക് പരിഹാരം കാണാനാണ് നാട്ടിലെ ചില സുമനസ്സുകളുടെ സഹായത്തോടെ നെയ്യാറ്റിൻക നിയോജകമണ്ഡലത്തിലെ ആദ്യ നിയമസഭാ അംഗമായ ശ്രീ.ആർ ജനാർദ്ദനൻ നായർ മുന്നിട്ടിറങ്ങിയത്.

ഇതോടുകൂടി ഹൈസ്കൂൾ സ്ഥാപിക്കാൻ വേണ്ടിയുള്ള ദീർഘനാളത്തെ പ്രയത്നത്തിന് അദ്ദേഹം പൂർണ്ണത കൈവരുത്തി കൊണ്ട് ഹൈസ്കൂളിന് അംഗീകാരം നേടിയെടുത്തു. സാമൂഹ്യ പ്രബുദ്ധരും പ്രഗത്ഭരുമായ അദ്ധ്യാപകരുടെ ഒരു വിളനിലമായിരുന്നു ഈ സരസ്വതീക്ഷേത്രം. ഈ പാരമ്പര്യം തങ്ങളുടെ ഒരു സ്വത്തായി പുതിയ തലമുറയിലെ അദ്ധ്യാപകർ ഇപ്പോഴും നെഞ്ചിലേറ്റുന്നു. 1993 ആഗസ്റ്റ് 31 ന് സ്ഥാപകമായ മാനേജർ ശ്രീ.ജനാർദ്ദനൻ നായരുടെ നിര്യാണത്തെ തുടർന്ന് അദ്ദേഹത്തിന്റെ പുത്രൻ അഡ്വ:വേണുഗോപാലൻ നായർ മാനേജരായി ചുമതലയേറ്റു. പുതിയ സാഹചര്യങ്ങൾക്കനുസരിച്ച് സ്കൂളിനെ മെച്ചപ്പെടുത്താൻ നിരവധി വികസനപ്രവർത്തനങ്ങൾ അദ്ദേഹം രൂപം നൽകി. 2000-2001 അധ്യയന വർഷത്തിൽ ഈ സ്കൂൾ ഹയർസെക്കന്ററി

യായി ഉയർത്തപ്പെട്ടു. ശ്രീ.ജനാർദ്ദനൻ നായരുടെ സ്മാരക നിർമ്മാണ കമ്മിറ്റി യുടെ നിർദ്ദേശപ്രകാരം സ്കൂളിനെ ജനാർദ്ദനപുരം ഹൈസ്കൂളായും തുടർന്ന് ജനാർദ്ദനപുരം ഹയർസെക്കന്ററി സ്കൂളായും നാമകരണം ചെയ്തു. സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം ജനാർദ്ദനപുരം എന്ന് നാമകരണം ചെയ്യാനും സ്മാരക കമ്മിറ്റി തീരുമാനിച്ചു. 2016 മുതൽ അഡ്വ: ജെ. വേണുഗോപാലൻ നായർ സ്കൂളിന്റെ രക്ഷാധികാരിയായി സ്ഥാനമേൽക്കുകയും അദ്ദേഹത്തിന്റെ സഹധർമ്മിണി അഡ്വ. എസ് ശ്രീകുമാരി അമ്മ പുതിയ മാനേജരായി ചുമതല യേൽക്കുകയും ചെയ്തു ഈ സ്കൂളിൽ അഞ്ചാം ക്ലാസ് മുതൽ പ്ലസ്ടു വരെ അധ്യായനം നടക്കുന്നു. ഈ സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ 705 ആൺകുട്ടികളും 596 പെൺകുട്ടികളും പഠിക്കുന്നു. ആകെ 1300 കുട്ടികൾ പഠി ക്കുന്ന ഈ സ്ഥാപനത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ 50 അദ്ധ്യപകരും 5 അദ്ധ്യാപകേതര ജീവനക്കാരും പ്രവർത്തിക്കുന്നു. ഹയർസെക്കന്ററി വിഭാ ഗത്തിൽ 346 കുട്ടികളാണ് ഈ സ്ഥാപനത്തിൽ പഠിക്കുന്നത്. 17 അദ്ധ്യപകരും 2 അദ്ധ്യാപകേതര ജീവനക്കാരും പ്രവർത്തിക്കുന്നു. ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി, കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്നിവയ്ക്ക് വിപുലമായ ലാബുകലുണ്ട്.

കുട്ടികളുടെ മാനസികവും ശാരീരികവുമായ വികസനത്തിൽ ഊന്നൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങളും മറ്റു വിവിധ ക്ലബ്ബുകളും ഇവിടെ സജീവമാണ്.

NCC(Air wing)
SPC
Scout and Guides
Junior Red Cross
Little Kites

സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ തൊഴിൽ മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിക്കുന്ന ധാരാളം വ്യക്തിത്വങ്ങൾ ഈ സ്ഥാപനത്തിലെ വിദ്യാർത്ഥികളോ അദ്ധ്യാപകരോ ആയിട്ടുള്ളവരാണ്. നിയമസഭാ മുൻ മന്ത്രി ശ്രീ. സി.ദിവാകരൻ, നിയമസഭ സമാജികരായിരുന്ന ശ്രീ. ആർ. പരമേശ്വരൻ പിള്ള, ശ്രീ.പിരപ്പൻകോട് മുരളി എന്നിവർ ഇവിടത്തെ അദ്ധ്യാപകരായിരുന്നു. സിവിൽ സർവ്വീസിൽ സേവ നമനുഷ്ടിക്കുന്നവർ, ഡോക്ടർമാർ, എഞ്ചിനിയർമാർ തുടങ്ങി വിവിധ മേഖലക ളിൽ ഇവിടത്തെ പൂർവ്വ വിദ്യാർത്ഥികളുണ്ട്. ഇപ്പോൾ ഈ സ്ഥാപനത്തെ principle Smt.Sheeba Jabamalar Tr, Headmaster Sri.Adarsha Kumar ഇവരുടെ നേതൃത്വം ഈ സ്കൂളിനെ ഉന്നതിയിലേയ്ക്ക് നയിക്കുന്നു.

# <u>അടിസ്ഥാന വിവരങ്ങൾ</u>

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ജനാർദ്ദനപുരം ഹയർസെക്കന്ററി സ്കൂൾ ഒറ്റശേഖരമംഗലം |
| വിലാസം | : | ജനാർദ്ദനപുരം ഹയർസെക്കന്ററി സ്കൂൾ ഒറ്റശേഖരമംഗലം,ഒറ്റശേഖരമംഗലം പി.ഒ |
| ഹെഡ്മാസ്റ്റർ | : | ശ്രീ.എം.എസ്. ആദർശ്കുമാർ |
| പ്രിൻസിപ്പാൾ | : | ശ്രീമതി. ഷീബ ജബമലർ |
| ഫോൺ | : | 04712255241 |
| സ്കൂൾകോഡ് | : | 44031 (H.S) |
| വിദ്യാഭ്യാസ ഉപജില്ല | : | കാട്ടാക്കട |
| വിദ്യാഭ്യാസ ജില്ല | : | നെയ്യാറ്റിൻകര |
| റവന്യൂജില്ല | : | തിരുവനന്തപുരം |
| ബി.ആർ.സി | : | കാട്ടാക്കട |
| സി.ആർ.സി | : | ഒറ്റശേഖരമംഗലം |
| ഗ്രാമപഞ്ചായത്ത് | : | ഒറ്റശേഖരമംഗലം |
| ബ്ലോക്ക് പഞ്ചായത്ത് | : | പെരുങ്കടവിള |
| ജില്ലാപഞ്ചായത്ത് | : | തിരുവനന്തപുരം |
| നിയമസഭാമണ്ഡലം | : | പാറശ്ശാല |
| ലോകസഭാമണ്ഡലം | : | തിരുവനന്തപുരം |
| താലൂക്ക് | : | കാട്ടാക്കട |
| ഇ.മെയിൽ | : | jphssosm@gmail.com |

## ഭൗതിക നേട്ടങ്ങൾ

UP, HS, HSS വിഭാഗങ്ങൾക്ക് ഹൈടെക് ക്ലാസ്സ് റൂമുകൾ, വിപുലമായ ലാബുകൾ , ഓരോ വിഭാഗങ്ങൾക്കും വേർതിരിച്ചുള്ള Toliet സംവിധാനം , വിശാലമായ കളിസ്ഥലം ,സ്കൂൾ ആഡിറ്റോറിയം, സ്കൂൾ വാഹനസൗകര്യം കൂടാതെ സ്കൂളിന്റെ എല്ലാ ഭാഗങ്ങളിലും നിരീക്ഷിക്കുന്നതിനു വേണ്ടി 50ഓളം ക്യാമറ സജ്ജീകരിച്ചിട്ടുണ്ട്. കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രിയും സാഹിത്യകാരനുമായ പ്രൊഫസർ മുണ്ടശ്ശേരി മാഷിന്റെ സ്മരണാർത്ഥം നിർമ്മിച്ച ഹാളും മുൻ കേരള മുഖ്യമന്ത്രി പി.കെ. വി സ്മാരക ലൈബ്രറിയും ഈ സ്കൂളിന്റെ മികച്ച നേട്ടങ്ങളിൽ ഒന്നാണ്.

## അക്കാദമിക നേട്ടങ്ങൾ

ഞങ്ങളുടെ ഈ വിദ്യാലയം SSLC പരീക്ഷയിൽ തുടർച്ചയായി 17 വർഷങ്ങളായി 100% വിജയം കൈവരിച്ചു വരുന്നു.

### 2024- 2025 വർഷം

**SSLC**

Full A+ - 34

**Plus Two**

Full A+ - 23

## പദ്ധതി രൂപീകരണ പ്രക്രിയ

2025-26 അദ്ധ്യയന വർഷത്തിൽ ലഭിച്ച അവധിക്കാല അദ്ധ്യാപകരുടെ പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളിൽ ഒരു വർഷക്കാലം നടപ്പാക്കേണ്ട തുടർച്ചയായ പ്രവർത്തനങ്ങൾ വിഷയാടിസ്ഥാനത്തിൽ കൂടിയ SRG യിൽ ചർച്ച ചെയ്യുകയും ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂടി ചേർത്ത് ഈ വർഷത്തെ അക്കാഡമിക് മാസ്റ്റർ പ്ലാൻ അദ്ധ്യാപകർ തയ്യാറാക്കുകയും ചെയ്തു.
അദ്ധ്യാപന രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച പൂർവ്വ വിദ്യാർത്ഥികളും

ഈ സ്ഥാപനത്തിലെ അദ്ധ്യാപകരായ ശ്രീമതി ജെ.ജയലക്ഷ്മി, ശ്രീമതി .ജെ.ഫ്രീജ, ശ്രീമതി. എൻ. എസ്. ശ്രീലേഖ, ശ്രീമതി.എസ്. എസ്. ശ്രീലത, ശ്രീമതി. ബി.വി. അനിത, ശ്രീമതി .ബി.വി അഞ്ചന, ശ്രീ.കെ. സുരേഷ്കുമാർ, ശ്രീ.വി.എസ്. വിപിൻലാൽ, ശ്രീ.പ്രവീൺകൃഷ്ണൻ, ശ്രീമതി. ജി.എസ്. ശ്രുതിലയ, അനദ്ധ്യാപകരയായ ശ്രീ.എസ്. ബിജു.എസ്, ശ്രീ.വി.കെ. ഗോപകുമാർ , ശ്രീമതി.ഒ. അജിത, ശ്രീ.വിഷ്ണു.എസ്.കെ എന്നിവരും ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

## NCC

2025-26 അദ്ധ്യായന വർഷത്തിൽ ജൂൺ 5 പരിസ്ഥിതിദിനത്തോടെ അവരുടെ പ്രവർത്തനം ആരംഭിച്ചു. തുടർന്ന് നടത്തിയ NCC സെലക്ഷനിലെ കുട്ടികളെ കൂടി ഉൾപ്പെടുത്തിയ ബോധവത്കരണ റാലി വളരെ ശ്രദ്ധേയമായി. NCC യുടെ ആഭിമുഖ്യത്തിൽ നടക്കുന്ന പ്ലാസ്റ്റിക് മുക്ത വിദ്യാലയം, കടൽത്തീരം ശുചീകരിക്കൽ, നദി വൃത്തിയാക്കൽ, എന്നീ പ്രവർത്തനങ്ങൾ വളരെ വിജയകരമായി മുന്നോട്ട് പോകുന്നു. NCC day യിൽ Buds School സന്ദർശിച്ച് നിരവധി ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. 2024-25 അദ്ധ്യായന വർഷത്തിൽ രണ്ട് ക്യാമ്പുകളിലും ഓവർ ഓൾ ചാമ്പ്യൻഷിപ് നേടി. കഴിഞ്ഞ വർഷം NCC യിൽ ഉള്ള 49 കേഡറ്റുകളും വിജയിച്ച് A grade Certificateന് അർഹരായി.

## Scout and Guide

2025-26 അദ്ധ്യായന വർഷം ദിനാചാരണങ്ങളോടനുബന്ധിച്ച് Scout and Guide ന്റെ ആഭിമുഖ്യത്തിൽ മികച്ച പ്രവർത്തനങ്ങൾ നടത്തി വരുന്നു. അതിൽ ശ്രദ്ധേയമായ ഒന്നാണ് ഗാന്ധിജയന്തിയുടെ ഭാഗമായി സേവനവാരം, റാലി, പൊതുസ്ഥലങ്ങൾ ശുചീകരിക്കൽ എന്നീ പ്രവർത്തനങ്ങളിൽ Scout and Guide ലെ കുട്ടികളുടെ പ്രവർത്തനം ശ്രദ്ധേയമാണ്.

# **SPC നേട്ടങ്ങൾ**

1. 2023-2025 വർഷത്തെ രണ്ടാമത്തെ ബാച്ചിന്റെ പാസ്സിംഗ് ഔട്ട് നടത്തി.
2. വയനാടിന്റെ അതിജീവനത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് പ്രവർത്തനങ്ങൾ നടത്തി.
3. കുട്ടികളുടെ ശാരീരിക, മാനസിക, ആരോഗ്യത്തിനായി ആഴ്ചതോറും യോഗാപരിശീലനം നടത്തി വരുന്നു.
4. പ്ലാംപഴിഞ്ഞി മാനസിക ആരോഗ്യപുനരധിവാസ കേന്ദ്രത്തിലെ അന്തേവാസികൾക്കൊപ്പം ഓണം ആഘോഷിച്ചു.
5. പൂഴനാട് പാലിയേറ്റീവ് കെയറിന്റെ സഹായത്തോടെ വീടുകളിലെ കിടപ്പു രോഗികൾക്ക് സാന്ത്വനം പദ്ധതിയിലൂടെ വസ്ത്രം, ആഹാരം എന്നിവ എത്തിച്ചു നൽകുന്നു.
6. Friends at Home പദ്ധതിയിലൂടെ സ്കൂളിൽ എത്താൻ കഴിയാത്ത കുട്ടികളുടെ വീടുകളിൽ എത്തുകയും അവർക്ക് കൈത്താങ്ങാവുകയും ചെയ്തു.
7. വിമുക്തിയുടെ ഭാഗമായി ലഹരിക്കെതിരെ പൊതുജനങ്ങളിൽ നിന്നും ഒപ്പു ശേഖരണം, Rally, Flash Mob എന്നിവ നടത്തുകയുണ്ടായി.
8. Cyber ബോധവൽക്കരണത്തിന്റെ ഭാഗമായി രക്ഷാകർത്താക്കൾക്കായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചു.
9. Anti drugs Campaign -ന്റെ ഭാഗമായി ലഹരിക്കെതിരെ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.
10. കുട്ടികളുടെ ശാരീരിക മാനസിക വികസനത്തിനായി ആഴ്ചയിൽ രണ്ടു ദിവസം പരിശീലനങ്ങൾ നൽകുകയും വർഷത്തിൽ 4- ഓളം ക്യാമ്പുകൾ നടത്തി വരുകയും ചെയ്യുന്നു.

# JRC യുടെ പ്രവർത്തന റിപ്പോർട്ട്

1. ലഹരിവിരുദ്ധ യജ്ഞത്തിന്റെ ഭാഗമായി JRC കേഡറ്റുകൾക്ക് 'ലഹരിവിമുക്ത കേരളം' എന്ന വിഷയത്തിൽ ഒരു ബോധവത്കരണ ക്ലാസ്സ് പൂഴനാട് കുടുംബാരോഗ്യകേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.വി.വൈ.ശ്രീനിവാസൻ ക്ലാസ്സെടുത്തു.
2. ലഹരിവിരുദ്ധ മനുഷ്യ ശ്യംഖലയോടനുബന്ധിച്ച് JRC കേഡറ്റുകൾ ശ്യംഖ ലയിൽ അണിചേർന്നു. ഫ്ളാഷ്മോബ് അവതരിപ്പിച്ചു. ലഹരി വസ്തു ക്കളെ പ്രതീകാത്മകമായി കത്തിച്ചു.
3. കിളിയൂരിലെ വൃദ്ധസദനവും അഞ്ചുമരകാലയിലെ ബാലികാസദനവും സന്ദർശിക്കുകയും അവിടേക്കാവശ്യമായ അവശ്യസാധനങ്ങൾ നൽകു കയും ചെയ്തു.
4. First aid, ട്രാഫിക്ക് നിയമങ്ങൾ, ആരോഗ്യം, രോഗങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഒരു ക്വിസ് പ്രോഗ്രം നടത്തി.
5. ദേശീയ ആരോഗ്യമിഷന്റെ രാഷ്ട്രീയ കിശോർ സ്വാസ്ത്യകാര്യക്രമിന്റെ ഭാഗമായി പെരുങ്കടവിള ആരോഗ്യ കേന്ദ്രത്തിൽ സംഘടിപ്പിച്ച "Training for Peer Educators" എന്ന ആറ് ദിവസത്തെ പ്രോഗ്രാമിൽ JRC കേഡറ്റുകൾ പങ്കെടുത്തു.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ

## പ്രവർത്തന കലണ്ടർ

| മാസം | NO | പ്രവർത്തനം | ചുമതല |
|---|---|---|---|
| ജൂൺ | 1. | പരിസ്ഥിതി ദിനാഘോഷം | Eco, Club, Science Teachers |
| | 2. | ഭാഷാഭിരുചി പരീക്ഷ | Mal, English, Hindi Teachers |
| | 3. | ലാബ് സജ്ജീകരണം | Science, S.S, Math's Teachers |
| | 4. | അക്ഷരങ്ങൾ ഉറപ്പിക്കൽ | Mal, Hindi, S S Teachers |
| | 5. | കൂട്ടൽ, കുറയ്ക്കൽ, ഗുണനം, ഹരണം അടിസ്ഥാന ആശയം ഉറപ്പിക്കൽ | Math's Teachers |
| | 6. | വാക്യ പരിചയം, സമാജ രൂപീകരണം | Sanskrit Teachers |
| | 7. | പത്ര വായന | Mal, English, Hindi Teachers |
| | 8. | പരീക്ഷണക്കുറിപ്പ് തയ്യാറാക്കാം | Science Teachers |
| | 9. | ദിനാചരണങ്ങൾ | All Teachers |
| ജൂലൈ | 1. | ഭൂപട വായന | S.S Teacher |
| | 2. | അക്ഷരമാലക്കളികൾ വാക്കു നിർമ്മാണം | Mal, English, Hindi Teachers |
| | 3. | Reading story books | English Teacher |
| | 4. | ശാസ്ത്രജ്ഞൻമാരെ പരിചയങ്ങൾ | Science Teacher |
| | 5. | മധുര വായന | Malayalam Teacher |
| | 6. | കവിത്രയ പ്രയാണം | Malayalam Teacher |
| | 7. | ദിനാചരണങ്ങൾ | All Teachers |

| | | | |
|---|---|---|---|
| | 8. | Locating places in Maps | S S Teachers |
| | 9. | പോസ്റ്റർ രചന | Malayalam Teachers |
| | 10. | ഹിന്ദി അസംബ്ലി | Hindi Teachers |
| ആഗസ്റ്റ് | 1. | Reading story books | English Teacher |
| | 2. | ശാസ്ത്രജ്ഞൻമാരെ പരിചയങ്ങൾ | Science Teacher |
| | 3. | ശാസ്ത്ര ഉപകരണ നിർമ്മാണം | Science Teacher |
| | 4. | സംഖ്യാബോധം, മധുരം ഗണിതം | Math's Teacher |
| | 5. | പത്ര വായന | Mal, English, Hindi Teacher |
| | 6. | ഇന്ത്യ പുതു യുഗത്തിലേയ്ക്ക് | S.S Teachers |
| | 7. | ദിനാചരണങ്ങൾ | S.S, Science Teacher |
| | 8. | സംഭാഷണകളരി, സാഹിത്യസഫര്യ | Sanskrit Teacher |
| | 9. | മധുരം മലയാളം, വാക്യനിർമ്മണം | Malayalam Teacher |
| സെപ്തംബർ | 1. | News Paper Reading | English, Mal, S.S Teachers |
| | 2. | പരീക്ഷണക്കുറിപ്പ് | Science Teacher |
| | 3. | സയൻസ് ലാബ് | Science Teacher |
| | 4. | പ്രാദേശിക ചരിത്ര രചന | S.S Teacher |
| | 5. | ദിനാചരണങ്ങൾ, വീടൊന്നു നിരീക്ഷിക്കാം | S.S, Science,Hindi Teacher |
| | 6. | മധുരം ഗണിതം, ബീജഗണിതം, ശതമാനം | Math's Teacher |
| | 7. | സംഭാഷണ കളരി, സഹിത്യ സപര്യ | Sankrit Teachers |
| | 8. | കവിത്രയ പ്രയാണം | Malayalam Teachers |
| | 9. | മധുരം മലയാളം | Malayalam Teacher |
| ഒക്ടോബർ | 1. | News paper Reading, Vocabulary,Hello English | English Teacher |
| | 2. | പരീക്ഷണക്കുറിപ്പ് | Science Teacher |
| | 3. | ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടൽ | Science Teacher |
| | 4. | ദിനാചരണങ്ങൾ, News Reading | S. S Teacher |

| | | | |
|---|---|---|---|
| | 5. | സംഭാഷണകളരി | Sanskrit Teacher |
| | 6. | കവിത്രയ പ്രയാണം, മധുരവായന | Malayalam Teacher |
| | 7. | എഴുത്തുകൂട്ടം | Hindi Teacher |
| | 8. | മധുരം ഗണിതം, പണമിടപാടുകൾ | Math's Teacher |
| | 9. | സയൻസ് ലാബ്, ശാസ്ത്ര ജ്ഞൻമാരെ പരിചയപ്പെടൽ | Science Teacher |
| | 10. | സാഹിത്യ സഫര്യ | Sanskrit Teacher |
| നവംബർ | 1. | Let's recapable words and write Stories | English Teacher |
| | 2. | പരീക്ഷണക്കുറിപ്പ് തയ്യാറാക്കുക | Science Teacher |
| | 3. | പ്രാദേശിക ചരിത്ര രചന | S. S Teacher |
| | 4. | ശാസ്ത്ര ഉപകരണ നിർമ്മാണം | Science Teacher |
| | 5. | സാഹിത്യ സഫര്യ, സംഭാഷണകളരി | Sanskrit Teacher |
| | 6. | കവിത്രയ പ്രയാണം, മധുരവായന | Malayalam Teacher |
| | 7. | മധുരം ഗണിതം, അംശബന്ധം | Math's Teacher |
| | 8. | എഴുത്തുകൂട്ടം | Hindi Teacher |
| | 9. | ദിനാചരണങ്ങൾ, News Reading | S. S Teacher |
| ഡിസംബർ | 1. | Let's recap words and write Stories | English Teacher |
| | 2. | ശാസ്ത്രജ്ഞൻമാരെ പരിചയപ്പെടൽ | Science Teacher |
| | 3. | ഉപകരണ നിർമ്മാണം, പരീക്ഷണകുറിപ്പ് | Science Teacher |
| | 4. | പ്രാദേശിക ചരിത്ര രചന | S. S Teacher |
| | 5. | സംഭാഷണകളരി, സാഹിത്യ സപര്യ | Sanskrit Teacher |
| | 6. | കവിത്രയ പ്രയാണം, മധുരവായന | Malayalam Teacher |
| | 7. | News Reading | S. S Teacher |
| | 8. | മധുരം ഗണിതം, പണമിടപാടുകൾ | Math's Teacher |
| | 9. | എഴുത്തുകൂട്ടം | Hindi Teacher |
| | 10. | ദിനാചരണങ്ങൾ | S. S, Science Teacher |

| | | | |
|---|---|---|---|
| ജനുവരി | 1. | Let's prepare Magazine | English Teacher |
| | 2. | പരീക്ഷണ ഉത്സവം | Science Teacher |
| | 3. | ചരിത്രരചനാപ്രകാശനം | S. S Teacher |
| | 4. | മധുരം ഗണിതം | Math's Teacher |
| | 5. | സംഭാഷണ കളരി | Sanskrit Teacher |
| | 6. | കവിത്രയ പ്രയാണം, മധുരവായന | Malayalam Teacher |
| | 7. | എഴുത്തുക്കൂട്ടം | Hindi Teacher |
| | 8. | ശാസ്ത്ര ഉപകരണങ്ങളുടെയും മോഡലുകളുടെയും നിർമ്മാണം | Science Teacher |
| | 9. | ദിനാചരണങ്ങൾ | S. S Teacher |
| ഫെബ്രുവരി | 1. | Hello English | English Teacher |
| | 2. | ശാസ്ത്രമോഡലുകളുടെ പ്രദർശനം | Science Teacher |
| | 3. | മധുര വായന | Malayalam Teacher |
| | 4. | മധുരം ഗണിതം | Math's Teacher |
| | 5. | എഴുത്തുകൂട്ടം | Hindi Teacher |
| | 6. | സംഭാഷണകളരി | Sanskrit Teacher |
| | 7. | ചരിത്ര രചനാ പ്രകാശനം | S. S Teacher |
| | 8. | ദിനാചരണങ്ങൾ | S. S, Science Teacher |
| മാർച്ച് | 1. | English Fest | English Teacher |
| | 2. | ശാസ്ത്ര ഉപകരണങ്ങളുടെയും മോഡലുകളുടെയും പ്രകാശനം | Science Teacher |
| | 3. | ദിനാചരണങ്ങൾ | S. S Teacher |
| | 4. | മധുര വായന | Malayalam Teacher |
| | 5. | മധുരം ഗണിതം | Math's Teacher |
| | 6. | എഴുത്തുകൂട്ടം | Hindi Teacher |

# INTRODUCTION

Relevance of English language in the present academic scenario needs no explanation. It is high time we realize it’s importance as a language of opportunities. In this highly competitive world, English Language proficiency is of almost importance in effectively communicating ideas to the world. The importance of English has extended not just to the educational field, but also to the social, cultural and economic aspects of life.

The activity oriented, interactive pedology based on social construction followed at school level help the learners acquire this language with confidence and further use it in life with enthusiasm.

This master plan gives a bird view of the learning outcomes and activities designed to attach them. The suggestions that follow list the facilities that are needed to enhance the learning of English language which is at the threshold of higher education.

# മലയാളം

# മധുര വായന, രചനശില്പശാല

പ്രവർത്തനം-

<u>ലക്ഷ്യങ്ങൾ</u>

- ഭാഷാശേഷി വികസനം
- വായനാശേഷി വർദ്ധിപ്പിക്കൽ
- ലൈബ്രറി ശാക്തീകരണം
- സ്കൂൾ പത്രം, മാസിക
- സാഹിത്യ ശില്പശാലകൾ
- സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
- ദിനാചരണങ്ങൾ ശക്തിപ്പെടുത്തൽ
- വിലയിരുത്തൽ കാര്യക്ഷമമാക്കൽ
- ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ

**<u>ഭാഷാശേഷി വികസനം</u>**

| ലക്ഷ്യം | പ്രവർത്തനം | | | |
|---|---|---|---|---|
| എല്ലാ കുട്ടികളും മലയാളം എഴുതാനും വായിക്കാനും ഉള്ളശേഷി വികസനം ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1. അക്ഷരം ഉറപ്പിക്കൽ<br>2.ചിഹ്നം ഉറപ്പിക്കൽ<br>3. പദ നിർമ്മാണം<br>4. വാക്യ നിർമ്മാണം<br>5. ഹെൽപ്പിംഗ് ഹാൻസ് - പ്രത്യേകം കുട്ടികൾക്ക് ക്ലാസ്സ് | ജൂൺ-ആഗസ്റ്റ് | മലയാളം ടീച്ചർ | PTA |

**ദിനാചരണം**

ജൂൺ -വായനാദിനപരിപാടികൾ പ്രവർത്തനനോത്ഘാടനം

ജൂലൈ - ബഷീർ അനുസ്മരണ പരിപാടികൾ, ഭാഷാസെമിനാർ, സാഹിത്യക്വിസ്

ആഗസ്റ്റ് -സ്വാതന്ത്ര്യദിന പരിപാടികൾ ക്ലാസ് ലൈബ്രറി, കർഷകദിനം, സിനിമാആസ്വാദന ക്യാമ്പ്, മികവുത്സവം

| | | | |
|---|---|---|---|
| • എല്ലാ കുട്ടികളേയും സ്വതന്ത്ര വായനക്കാരാക്കുക | ക്ലാസ് വായനാകൂട്ടം രൂപീകരിക്കൽ<br>• ക്ലാസ് ലൈബ്രറി<br>• പുസ്തക ശേഖരം<br>• റീഡിംഗ് റൂം സൗകര്യമൊരുക്കൽ<br>• സ്കൂൾ ലൈബ്രറി നവീകരണം<br>• വായനോത്സവം<br>• ജന്മദിന പുസ്തകം<br>• പത്രവായന | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | മലയാളം ടീച്ചർ<br>SRG<br>വിദ്യാരംഗം കൺവീനർ |

സെപ്റ്റംബർ- അദ്ധ്യാപകദിനം, ശില്പശാലകൾ, ഓണഘോഷം,
സർഗോത്സവം, ഒ.ചന്തുമേനോൻ ദിനം

ഒക്ടോബർ - ഗാന്ധിജയന്തി ആഘോഷം, വള്ളത്തോൾ ദിനം,
ചങ്ങമ്പുഴ ദിനം, വയലാർ ചരമദിനം, വാങ്മയം പ്രതിഭാ നിർണ്ണയം

സവംബർ - ശിശുദിനാഘോഷം, സിനിമാപ്രദർശനം

**ഉപമേഖല**

| | | | |
|---|---|---|---|
| • പത്രവായന പ്രോത്സാഹിപ്പിക്കുക | പത്രങ്ങൾ സ്കൂളിൽ വരുത്തുന്നു.<br><br>ക്ലാസ്സിൽ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കുക.<br><br>അസംബ്ലിയിൽ പത്ര പാരായണം | ദിവസേന<br><br>ഡിസംബർ | വിദ്യാരംഗം ഇൻചാർജ്ജ്<br><br>മലയാളം അധ്യാപകർ |
| • സർഗ്ഗശേഷി വികസനം | സാഹിത്യ ക്വിസ്<br>രചനാ ശില്പശാല(കവിതാ, കഥ)<br>നാടകാവതരണം<br>കവിതാലാപനം മത്സരം<br>ക്ലാസ്തല പത്രം<br>സ്കൂൾ തല പത്രം പ്രസിദ്ധീകരിക്കൽ<br>പുസ്തകാസ്വാദനം<br>ഇ- വായന<br>സാഹിത്യകാരനുമായി സംവാദം<br>അമ്മമാരുടെ സാഹിത്യ മത്സരം | ഡിസംബർ<br><br>ജനുവരി<br><br>ഫെബ്രുവരി<br>മാർച്ച് | SRG<br><br>വിദ്യാരംഗം<br><br>മലയാളം അധ്യാപകർ |

**ദിനാചരണം**

ഡിസംബർ - വൈലോപ്പിള്ളി ദിനം, സാഹിത്യയാത്ര

ജനുവരി - പുതുവർഷാഘോഷം, കുമാരനാശാൻ ചരമദിനം

ഫെബ്രുവരി - മികവുത്സവം, സഹവാസക്യാമ്പ്, പി.ഭാസ്ക്കരൻ ചരമദിനം

മാർച്ച് - പ്രവർത്തനറിപ്പോർട്ട്

# സംസ്കൃതം

**അക്കാഡമിക്ക് മാസ്റ്റർ പ്ലാൻ**

**ക്ലാസ് : 8, 9, 10**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1<br>സഭ്യതയും സംസ്കാരവും പരിപോഷിപ്പിക്കുവാൻ സംസ്കൃത ഭാഷാ പഠനവും അനിവാര്യമാകുന്നു. HS തലത്തിൽ എല്ലാ കുട്ടികൾക്കും ഭാഷാപഠനം ആയാസരഹിതമാക്കാൻ | 1<br>● അക്ഷരം, ചിഹ്നം, വാക്കുകൾ ഉറപ്പിക്കുന്നു.<br>● വാക്കുകൾ ചേർത്ത് വാക്യ നിർമ്മാണം.<br>● ലഘു കുറിപ്പുകൾ തയ്യാറാക്കുക.(വീട്, വിദ്യാലയം എന്നിങ്ങനെ വിഷയങ്ങൾ നൽകികൊണ്ട്) | ജൂൺ - ആഗസ്റ്റ് | ചാർട്ടുകൾ | സംസ്കൃത അധ്യാപിക |
| 2<br>കരിക്കുലം ലക്ഷ്യം വയ്ക്കുന്ന പഠന നേട്ടങ്ങൾ | 2<br>● സംസ്കൃത സമാജം രൂപീകരിക്കുന്നു.<br>● സമാജനേതൃത്വത്തിൽ പ്രശ്നോത്തരി സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് | | സംസ്കൃത അധ്യാപിക |
| 3<br>**<u>വായനാകളരി</u>**<br>വായനയിലൂടെ ഭാഷാ പരിജ്ഞാനം ഉറപ്പിക്കുക | 3<br>● പാഠ പുസ്തകകേതര പുസ്തകങ്ങൾ (ലഘുമാസിക, ലഘുലേഖകൾ) നൽകികൊണ്ട് വായനയ്ക്കായി പ്രത്യേക സമയം കണ്ടെത്തുന്നു. | ആഗസ്റ്റ്- മാർച്ച് | പുസ്തകങ്ങൾ | സംസ്കൃത അധ്യാപിക |

| | | | | |
|---|---|---|---|---|
| 4<br>**<u>കലാഭിരുചി</u>**<br>സംസ്കൃത കലോത്സവം മുൻ നിർത്തികൊണ്ട്. | 4<br>● കലാപരമായ കഴിവുകൾ കുട്ടികളിൽ കണ്ടെത്തി ക്ലാസ് റൂമുകളിൽ അവതരിപ്പിക്കുവാൻ അവസരം നൽകികൊണ്ട് മറ്റു കുട്ടികളിലും കലയോടുള്ള താൽപര്യം ഉളവാക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തനം. | ജൂൺ-ജനുവരി | ക്ലാസ്റൂം ICT | സംസ്കൃത അധ്യാപിക |
| 5<br>**<u>മത്സരപരീക്ഷകൾ</u>**<br>മത്സര പരീക്ഷകൾക്കായി തയ്യാറാക്കുക | 5<br>● പ്രശ്നോത്തരികൾ സംഘടിപ്പിക്കുന്നു. മത്സരങ്ങൾ നടത്തുന്നു. മാതൃകാ ചോദ്യങ്ങൾ നൽകുന്നു. | ജൂൺ-ഫെബ്രുവരി | ക്ലാസ് റൂം പുസ്തകങ്ങൾ | സംസ്കൃത അധ്യാപിക |
| 6<br>**<u>മുന്നേറ്റം</u>**<br>പഠനത്തിൽ പിന്നോട്ടു നിൽക്കുന്ന വിദ്യാർത്ഥികൾക്കായി | 6<br>● പ്രത്യേക ചോദ്യപേപ്പറുകൾ തയ്യാറാക്കികൊണ്ട് ചെറിയ പരീക്ഷകൾ നടത്തുന്നു. അവ സ്വയം മൂല്യ നിർണ്ണയം നടത്താൻ പ്രേരിപ്പിക്കുന്നു. | ആഗസ്റ്റ്-മാർച്ച് | ക്ലാസ്റൂം ചോദ്യപേപ്പറുകൾ | സംസ്കൃത അധ്യാപിക |
| 7<br>**<u>പരിഗണന</u>**<br>പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികളെ ലക്ഷ്യമാക്കിക്കൊണ്ട് | 7<br>● പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്കായി പ്രത്യേകം പഠനോപകരണങ്ങൾ തയ്യാറാക്കിക്കൊണ്ട് പഠനത്തിനായി സഹായിക്കുന്നു. | ജൂൺ-മാർച്ച് | ചാർട്ടുകൾ ചിത്രങ്ങൾ ICT | സംസ്കൃത അധ്യാപിക |

| | | | | |
|---|---|---|---|---|
| 8<br>**<u>ക്ലാസ്റൂം ആകർഷകം</u>**<br>ക്ലാസ്റൂം ആകർഷകമാക്കുന്നതിലൂടെ പഠനാന്തരീക്ഷം സ്വസ്ഥമാക്കുക എന്ന ലക്ഷ്യം | 8<br>• ദിനാചരണ പോസ്റ്ററുകൾ (ചിത്രങ്ങൾ ഉൾപ്പെടെയുള്ള)<br>• കുട്ടികൾ വരച്ച ചിത്രങ്ങൾ<br>• ബെഞ്ചുകൾ, ഡസ്കുകൾ Projector, Screen, Fan, Light എന്നീ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നു. | ജൂൺ-മാർച്ച് | ക്ലാസ്റൂം | PTA<br>സംസ്കൃത അധ്യാപിക<br>ക്ലാസ് അധ്യാപിക |

# ഹിന്ദി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു.<br><br>ആഴ്ച എണ്ണൽ സംഖ്യകൾ പരിചയപ്പെടുത്തുന്നു<br><br>ഹിന്ദി അനായാസം എഴുതുവാനും വായിക്കാനും പരിശീലിപ്പിക്കുന്നു. വായനയ്ക്ക് അധിക പ്രാധാന്യം കൊടുക്കുന്നു.<br>കാർട്ടൂൺ, ചിത്രകഥവായിച്ച് ആശയം അവതരിപ്പിക്കാൻ കഴിയുന്നു. | അക്ഷരമാല കാർഡ് നൽകുന്നു. അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ഓഡിയോ വിഷൻ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു.<br><br>ക്ലാസിലെ കുട്ടികളുടെ ജനനതീയതി ഹിന്ദിയിൽ എഴുതിപ്പിക്കുന്നു.വർക്ക്ഷീറ്റ് നൽകുന്നു.ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. പ്രേംചന്ദ്ദിനം ജൂലൈ 31, പോസ്റ്റർ നിർമ്മാണം, ക്വിസ് മത്സരം എന്നിവ സംഘടിപ്പിക്കുന്നു.<br><br>കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>ചിത്രകഥ, കാർട്ടൂൺ ചെറുകവിതകൾ തുടങ്ങിയവ വായനക്കായി നൽകുന്നു.<br>ഹിരോഷ്മ ദിനവുമായി ബന്ധപ്പെട്ട് യുദ്ധക്കെടുതികളെക്കുറിച്ച് ഉപന്യാസം, പോസ്റ്റർ എന്നിവ നടത്തുന്നു. | ജൂൺ-<br>ജൂലൈ |

| | | |
|---|---|---|
| ഹിന്ദി വായിക്കാനും എഴുതാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു.<br><br>വാക്യഘടന പരിചയപ്പെടുത്തുന്നു. നാമം സർവ്വ നാമം വിശേഷണം എന്നിവ മനസ്സിലാക്കുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതാൻ പറയുന്നു.<br><br>കവിതവായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.<br><br>കുട്ടികളുടെ ഭാഷമെച്ചപ്പെടുത്തുന്നതിനായി ഭാഷാപരമായ പ്രവർത്തനങ്ങൾ നടത്തുന്നു.<br><br>കഥയെ തിരക്കഥയാക്കി മാറ്റാൻ നൽകുന്നു. | വർക്ക്ഷീറ്റുകൾ നൽകുന്നു. ചിത്രകഥാപുസ്തകങ്ങൾ നൽകുന്നു. ഗ്രൂപ്പ് പഠനം നടത്തുന്നു.<br><br>ചാർട്ടുകൾ നൽകി നാമം,വിശേഷണം, സർവ്വനാമം കണ്ടെത്തുന്നു. സൂചനാബോർഡുകൾ തയ്യാറാക്കാൻ പറയുന്നു.<br><br>ചെറിയ ചെറിയ കവിതകൾ നൽകുന്നു. കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു.<br><br>നാടകം അവതരിപ്പിക്കുകയും സംഭാഷണം തയ്യാറാക്കുകയും ചെയ്യുന്നു.<br><br>തിരക്കഥക്കായി കഥവായിച്ച് ആശയം മനസ്സിലാക്കാൻ പറയുന്നു. | ഓഗസ്റ്റ്-സെപ്റ്റംബർ |

| Aim | Activities | Period | Financial Support |
|---|---|---|---|
| Activity 1<br>To improve the writing skills of students | • Conducting language aptitude test.<br>• Select the students that need remedial classes.<br>• Assign small basic writing assignments for students who need remedial classes<br>• Ensure the distribution of worksheet in relation with the English Textbook. | June-July | PTA Fund |
| Activity 2<br>Enhance the proficiency of students so as to meet with their life situations.<br>Supporting materials are provide for CWSN students. | • Students are encouraged to read outside their textbook. This would expose them to a variety of writing styles, grammar and vocabulary.<br>• Students are engaged in many language activities like interview, skit, language games etc which are also staged during the English text.<br>• Conversation and debates are regularly conducted in the class room to | August – September | Collection from students |

| | | | |
|---|---|---|---|
| | improve the proficiency in English language .<br>• Observes National LiteracyDay on September 8, which emphasizes literacy and education | | |
| Activity 3<br>To Promote the ability of above average Students.<br>To convince the learners about the importance of using English as it is used worldwide | • Organizing morning assembly programme in English which includes thought for the Day, Daily News etc.<br>• Introducing two new words daily in the class and asking the students to learn it's spelling meaning, pronunciation and sentence usage. | October - November, December | Collection from students |
| Activity 4<br>To ensure that all learning objectives are achieved by the learners. | • Ability to speak for a few minutes on the given topic in front of the class.<br>• Ability to prepare write ups. | January - February | Collection from students |

# സയൻസ്

<u>പ്രവർത്തനം - 1</u>

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക സഹായം |
|---|---|---|---|---|
| • കൗതുകം, ജിജ്ഞാസ നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക | 1. പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ അവതരിപ്പിക്കുക.<br>2. പരീക്ഷണക്കുറിപ്പുകൾ തയ്യാറാക്കുന്നു.<br>3. " എന്റെ പരീക്ഷണപുസ്തകം" തയ്യാറാക്കുന്നു. (Class- 8th std) | ജൂലൈ- ആഗസ്റ്റ് | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| • പ്രകൃതി പരിപോഷണം | "World Nature Conservation Day" മയും ബന്ധപ്പെട്ട് Class- 8th (July- 28) ലെ കുട്ടികൾക്കായി Poster രചനാ മത്സരം സംഘടിപ്പിക്കുന്നു. | ജൂലൈ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| • കൗതുകം, ജിജ്ഞാസ നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ അവതരിപ്പിക്കുക, പരീക്ഷണക്കുറിപ്പ് തയ്യാറാക്കുക. (Class- 9th std) | സെപ്റ്റംബർ- ഒക്ടോബർ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| • ഓസോണിന്റെ പ്രാധാന്യം മനസിലാക്കുക | Sep-16 ഓസോൺദിനവുമായി ബന്ധപ്പെട്ട് 8, 9, 10 Class ലെ കുട്ടികൾക്കായി Quiz Competition നടത്തുന്നു. | സെപ്റ്റംബർ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| • വന്യജീവികളെക്കുറിച്ച് മന സിലാക്കുക | ഒക്ടോബർ 4 വന്യജീവി വാരാഘോഷ ത്തോടനുബന്ധിച്ച് ഉപന്യാസ രചനാ മത്സരം നടത്തുന്നു. | ഒക്ടോബർ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| • കൗതുകം, ജിജ്ഞാസ പരീക്ഷണ നിരീക്ഷണ പാടവം ആർജിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണ ങ്ങൾ നടത്തുന്നു. പരീക്ഷണക്കുറിപ്പ് തയ്യാ റാക്കുന്നു.<br>(10th std) | നവംബർ ഡിസംബർ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| • നല്ല ആരോഗ്യശീലങ്ങളെ മനസ്സിലാക്കൽ | നവംബർ 14 പ്രമേഹരോഗ ദിനവുമായി ബന്ധപ്പെട്ട നല്ല ആരോഗ്യശീല ങ്ങളെക്കുറിച്ച് ആരോഗ്യപ്രവർത്തകരുടെ സഹായത്താൽ സെമിനാർ സംഘടിപ്പിക്കു ന്നു. | നവംബർ | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |
| • നിരീക്ഷണ പരീക്ഷണ പാടവം നേടിയെടുക്കൽ | ജനുവരി മാസത്തിൽ 8, 9,10 ക്ലാസിലെ കുട്ടികളെ ഉൾപ്പെടുത്തി പരീക്ഷണോ ത്സവം സംഘടിപ്പിക്കുന്നു. | ജനുവരി | സയൻസ് അധ്യാപകർ | സയൻസ് ക്ലബ്ബ് |

# മേഖല UP & HS Social Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | വൃക്ഷത്തൈ നട്ടുപിടിപ്പിക്കൽ | ജൂൺ (അക്കാഡമിക വർഷം) | സാമൂഹ്യശാസ്ത്ര അധ്യാപകർ | S.S ക്ലബ് |
| സാമൂഹികബോധവൽക്കരണം( ലഹരിക്കെതിരെ) | ലഹരി വിരുദ്ധദിനം കൊലാഷ് നിർമ്മാണം | ജൂൺ (അക്കാഡമിക വർഷം) | സാമൂഹ്യശാസ്ത്ര അധ്യാപകർ, പ്രധമ അധ്യാപിക | S.S ക്ലബ് |
| യുദ്ധവിരുദ്ധ മനോഭാവം/ സമാധാനം സംരക്ഷണം. യുദ്ധ ക്കെടുതികളെ കുറിച്ചുള്ള അവ ബോധം | സുഡാക്കോ കൊക്കുകളുടെ നിർമ്മാണം (Peace symbol) സൈക്കിൾ റാലി ഹിരോഷ്മ ദിനം അനുബ ന്ധിച്ച് പോസ്റ്റർ നിർമ്മാ ണവും നാഗസാക്കി ദിനവു മായി ബന്ധപ്പെട്ട് ക്വിസ് മത്സരം. | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകൻ | S.S ക്ലബ് |
| സ്വാതന്ത്ര്യത്തിന്റെ മഹത്വം/ സ്വാതന്ത്ര്യ സമര സേനാനിക ളോടുള്ള ആദരവ് | സ്വാതന്ത്ര്യ ദിന ക്വിസ് | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ | S.S ക്ലബ് |

| | | | | |
|---|---|---|---|---|
| വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗത്തെ കുറിച്ചുള്ള ബോധവൽകരണം | ബോധവൽകരണ ക്ലാസ് (വിവര വിനിമ സാങ്കേതിക വിദ്യയുടെ ദുരുപയോഗ ബോധവൽകരണം) | സെപ്റ്റംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ, പ്രഥമ അധ്യാപിക | S.S ക്ലബ് |
| രാഷ്ട്രത്തോടും രാഷ്ട്ര പിതാവിനോടുമുള്ള ആദരവ് | ഒരു ആഴ്ച നിണ്ട് നിൽക്കുന്ന ശുചിതവൽകരണ പ്രവർത്തനങ്ങൾ (സ്കൂൾ പരിസരം) | ഒക്ടോബർ | S.S അധ്യാപകർ | S.S ക്ലബ് |
| പഠിതാക്കളെ ചരിത്ര അവബോധമുള്ളവരാക്കുക. | സാമൂഹിക പരിഷ്കർത്താവായ ശ്രീനാരായണഗുരു അരുവിപ്പുറം പ്രതിഷ്ഠ സ്ഥലം സന്ദർശിക്കൽ | നവംബർ | S.S അധ്യാപകർ | S.S ക്ലബ് |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | നിയമസഭ സന്ദർശനം | നവംബർ | | |
| കേരളോൽപത്തിയെ ക്കുറിച്ചുള്ള ചരിത്രബോധം സൃഷ്ടിക്കുന്നു. | കേരളത്തിലെ പല കലാരൂപങ്ങളുടെ പ്രദർശനം | നവംബർ 1 | സാമൂഹ്യശാസ്ത്ര അധ്യാപകർ, പ്രഥമ അധ്യാപിക | S.S ക്ലബ് |
| പൗരന്റെ അവകാശങ്ങളെയും പൗരാവകാശങ്ങളെയും കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നു. | 1947 ന് ശേഷം നിലവിൽ വന്ന പൗരാവകാശങ്ങളെ കണ്ടെത്തുന്നു. | നവംബർ 16 | സാമൂഹ്യശാസ്ത്ര അധ്യാപകർ | S.S ക്ലബ് |

| | | | | |
|---|---|---|---|---|
| ഭരണഘടനയുടെ രൂപകൽപ്പന യെക്കുറിച്ച് ധാരണനേടുന്നു | ഭരണഘടനയുടെ ആവിർഭാവം, ആമുഖം, ഭേദഗതികൾ എന്നി വയെക്കുറിച്ചുള്ള ചർച്ച | നവംബർ 26 | സാമൂഹ്യശാസ്ത്ര അധ്യാപകർ, പ്രഥമ അധ്യാപിക | S.S ക്ലബ് |
| ഇന്ത്യയുടെ സ്വാതന്ത്ര്യവും ഭര ണഘടനയുടെ ആവിർഭാവവും പരിചയപ്പെടുന്നു. | ഇന്ത്യൻ ചരിത്രം 1947നു ശേഷം ക്വിസ് മത്സരം | ജനുവരി 26 | സാമൂഹ്യശാസ്ത്ര അധ്യാപകർ | S.S ക്ലബ് |
| സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജി യുടെ പങ്കിനെക്കുറിച്ച് വിശക ലനം ചെയ്യുക | ഗാന്ധിജി പങ്ക്എടുത്ത സമ രങ്ങൾ ഉൾകൊള്ളിച്ച് കൊണ്ടുള്ള പോസ്റ്റർ | ജനുവരി 30 | സാമൂഹ്യശാസ്ത്ര അധ്യാപകർ | S.S ക്ലബ് |

# HS Academic Master Plan- Mathematics

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ ലിസ്റ്റ് തയ്യാറാക്കുന്നു. | ജൂൺ ആദ്യവാരം | അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2. നിർമ്മിതിയുടെ ശേഷി കൈവരിക്കൽ | Instrument box ന്റെ ലഭ്യത | തുടർപ്രവർത്തനം | അധ്യാപകർ | അധ്യാപകർ |
| 3. ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രധാന്യം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി. ടി.എ | പി.ടി.എ |
| 4. ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടുത്തൽ | ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാഡമിക വർഷത്തിൽ ഒന്ന് | അധ്യാപകർ, ഗണിതക്ലബ് | പി. ടി.എ |
| 5. സംഘബോധം ഉണ്ടാക്കൽ | ഗ്രൂപ്പ് പ്രവർത്തനങ്ങൾ | തുടർപ്രവർത്തനം | അധ്യാപകർ, ഗ്രൂപ്പ് ലീഡർ | |

| | | | | |
|---|---|---|---|---|
| 6. അധ്യാപകർ കാലാനുസൃത മായി ചെയ്ത ചെറിയ ക്ലാസ് മുതലുള്ള തുടർ പഠനം സാധ്യ മാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | ക്ലബ് പ്രവർത്തനം, ചർച്ചകൾ, പാഠ അസൂത്രണം തുടങ്ങിയ പ്രവർത്തങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | വർഷം മുഴു വനും, തുടർപ്ര വർത്തനം | അധ്യാപകർ, ഗണിത ക്ലബ് കൺവീനർ | |
| 7. ഗണിത മത്സര വേദിയിലേക്ക് മേളകളിൽ ഊർജസ്വലത കൈവ രിക്കൽ | ക്ലബ് പ്രവർത്തനങ്ങൾ മെച്ചപ്പെ ടുത്തുന്നു. | മാസത്തിൽ ഒന്ന് | ക്ലബ് കൺവീനർ, ഗണിത അധ്യാപകർ | |
| 8. ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബി ലേക്ക് ആവശ്യമായ പഠനോപക രണങ്ങൾ ശേഖരിക്കൽ | മെയ്- ജൂൺ | ക്ലബ് കൺവീനർ, അധ്യാപകർ | പി.ടി.എ |
| 9. ദിനാചരണങ്ങൾ സംഘടിപ്പി ക്കുന്നു.<br>National Mathematics Day Dec-22 International day of Mathematics – March 14 II day | ക്ലബ് പ്രവർത്തനങ്ങൾ, പ്രത്യേക അസംബ്ളി | അതാത് ദിവസം | ക്ലബ് കൺവീനർ, അധ്യാപകർ | |
| 10. രക്ഷിതാക്കളെ ബോധവൽക്ക രിക്കൽ | മാസത്തിൽ ഒരു പി.ടി.എ നട ത്തുന്ന ചുമതലകൾ നൽക്കു ന്നു. | തുടർപ്രവർത്തനം | അധ്യാപകർ, HM, PTA President | |